# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1684** **14.08.2017-ൽ മറുപടിക്ക്**

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് ലിസ്റ്റ് കാലാവധി

| ചോദ്യം<br>ശ്രീ. പി.ടി.എ.റഹീം | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി ഒരു വർഷമായി വെട്ടികുറച്ചുകൊണ്ടുള്ള തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി നിയമന ശുപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. |
| (ബി) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ അഭാവം നിലനിൽക്കെ വർഷാവർഷം ഈ തസ്തികയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഓരോ ജില്ലയിലും നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് പരിഗണിച്ച് ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ